

WEDNESDAY 10-11-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –10/11/2021

1. കാർഷിക മേഖലയുടെ വികസനത്തിനായി കേരളവും വിയറ്റ്നാമും സംയുക്ത സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കുമെന്ന് വിയറ്റ്നാം അംബാസിഡർ ഫാം സാൻഹ് ചൗവിന്റെ നേതൃത്വത്തിലുള്ള ഔദ്യോഗിക സംഘവുമായി നടന്ന കൂടിക്കാഴ്ചയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് അറിയിച്ചു. കർഷകന് സമൂഹത്തിൽ മാന്യമായ ജീവിതനിലവാരം ഉറപ്പു നൽകുന്നതിനായി കാർഷിക വരുമാനം 50 ശതമാനമെങ്കിലും വർധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സാങ്കേതിക വിദ്യകൾ കൈമാറുന്നതിനായി കേരളവും വിയറ്റ്നാമും തമ്മിൽ പ്രാരംഭ ചർച്ച നടന്നു. പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്ന നെല്ലിനങ്ങളുടെ പരസ്പര കൈമാറ്റം, രണ്ടു പ്രദേശങ്ങളിലേയും സംയോജിത കൃഷിസമ്പ്രദായ വിദ്യകളുടെ കൈമാറ്റം, മൂല്യവർധന ശൃംഖലയിലെ സാങ്കേതികവിദ്യകളുടെ കൈമാറ്റം, (പൈനാപ്പിൾ, ചക്ക, കശുമാവ്, റബ്ബർ തുടങ്ങിയ വിളകളിൽ), കാലാവസ്ഥ അനുരൂപകൃഷി വിദ്യകളുടെ കൈമാറ്റം, അത്യുൽപാദനശേഷിയുള്ള റബ്ബർ ഇനങ്ങളുടെ കൈമാറ്റം തുടങ്ങിയവ ചർച്ചാവിഷയമായി. കുരുമുളക് കൃഷിയിൽ വിയറ്റ്നാം അനുവർത്തിക്കുന്ന അതിസാന്ദ്രത കൃഷി രീതി, സൂക്ഷ്മ ജലസേചനം, കാപ്പി കൃഷിയിൽ അനുവർത്തിക്കുന്ന യന്ത്രവത്കരണം, വിളവെടുപ്പാനന്തര പരിചരണ മുറകൾ, സൂക്ഷ്മ ജലസേചനം എന്നിവയും ചെറുകൃഷിഭൂമികൾക്ക് അനുയോജ്യമായ യന്ത്രവൽകൃത മാതൃകകൾ എന്നിവയും വിയറ്റ്നാമിൽ നിന്നും സ്വീകരിക്കുവാൻ സംസ്ഥാനം ആലോചിയ്ക്കുന്നതായും മന്ത്രി അറിയിച്ചു.

2. വെള്ളാനിക്കര കാർഷിക കോളേജിലെ ബയോകൺട്രോൾ ലാബിൽ നെല്ലിലെ തണ്ടുതുരപ്പനെയും ഓലചുരുട്ടിയെയും നിയന്ത്രിക്കുന്ന മുട്ടപരാദമായ ട്രൈക്കോഗ്രാമ്മയുടെ മുട്ടക്കാർഡുകൾ ലഭ്യമാണ്. ആവശ്യമുള്ളവർ **0487 2438470, 9946662656** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. പന്തളം മുനിസിപ്പാലിറ്റിയിൽ ഇനിയും കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത പശുക്കളേയും എരുമകളേയും അടിയന്തിരമായി കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് പന്തളം സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു. പന്തളം മൃഗാശുപത്രിയിൽ നേരിട്ട് ബന്ധപ്പെടുകയോ **9496108764** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. നിരണം സർക്കാർ താറാവു വളർത്തൽ കേന്ദ്രത്തിൽ നിന്നും 70 ദിവസത്തിന് മുകളിൽ പ്രായമുള്ള ബ്രോയിലർ ഇനത്തിൽപ്പെട്ട പരിമിതമായ എണ്ണം വിഗോവ താറാവുകളെ താറാവ് ഒന്നിന് 325 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0469-2711898** എന്ന ഫോൺ നമ്പരിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

5. 2018, 2019 വർഷങ്ങളിൽ റബ്ബർ കൃഷിചെയ്തവർക്ക് ധനസഹായം കിട്ടുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (നവംബർ 10) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് സിസ്റ്റംസ് ഓഫീസർ മറുപടി പറയും. **0481 2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

6. വെറ്ററിനറി സർവ്വകലാശാലയുടെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് തിരുവാഴാംകുന്നിൽ പ്രവർത്തിക്കുന്ന വളർത്തു പക്ഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴി കുഞ്ഞുങ്ങളെ ഏഴ് രൂപ നിരക്കിൽ നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **04924 293885** എന്ന ഫോൺ നമ്പരിലോ **6282907009** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. ആലപ്പുഴ ജില്ലയിൽ ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി ചെറുകിട വളം, കീടനാശിനി ഡീലർമാർക്ക് ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.വി. രാജേശ്വരി ഇന്ന് നിർവ്വഹിക്കും. പാണാവള്ളി, കുത്തിയതോട്, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, രാമങ്കരി, ചമ്പക്കുളം ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഇന്ന് രാവിലെ (10.11.2021) 10 മണിയ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ചും ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ, ചാരുംമൂട് ബ്ലോക്ക് പരിധിയിലെ ഡീലർമാർക്ക് ഈ മാസം 20 ന് (20.11.2021) 10 മണിയ്ക്ക് കായംകുളം ടൗൺ ഹാളിൽ വെച്ചും നടത്തുന്നതാണ്.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ആടുവളർത്തൽ** എന്ന വിഷയത്തിൽ നാളെ (11.11.2021) രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്.

പരമാവധി 30 പേർക്ക് ആയിരിക്കും പരിശീലനം. **0491-2815454** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. ഹോർട്ടി കോർപ്പിന്റെ ആഭിമുഖ്യത്തിൽ മണക്കാട് കൃഷിഭവനിൽ ഇന്നും നാളെയുമായി (നവംബർ 10,11) **തേനീച്ചവളർത്തൽ** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന താൽപര്യമുള്ള കർഷകർക്ക് രണ്ടു ദിവസത്തെ തുടർ ഫീൽഡ്തല പരിശീലനവും, 3 ദിവസത്തെ തേനധിഷ്ഠിത ഉൽപന്ന നിർമ്മാണ പരിശീലനവും, ഖാദി ബോർഡിൽ നിന്നും സംരംഭകത്വ സബ്സിഡിയും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447910989, 9446578250** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

10. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഇന്ന് (നവംബർ 10) **കോഴിവളർത്തൽ രോഗങ്ങളും ജൈവസുരക്ഷാ മാർഗ്ഗങ്ങളും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നതാണ്. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും മുത്തോലി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ഇന്ന് (നവംബർ 10) രാവിലെ 9.30-ന് പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടി നടത്തുന്നു. ഇതിനോടനുബന്ധിച്ച് **പാൽഗുണനിലവാരം മെച്ചപ്പെടുത്തലും പാൽ വില നിർണ്ണയവും, ക്ഷീരവികസന പദ്ധതികൾ കർഷകരുടെ ക്ഷേമത്തിന്, പാൽ ഗുണമേന്മ നിർണ്ണയ പ്രദർശനം** എന്നീ വിഷയങ്ങളിൽ ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ ക്ലാസ്സുകൾ നടത്തുന്നു.

12. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 18, 19 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ, 22-ന് കാടവളർത്തൽ 24,25** തീയതികളിൽ **ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479 2457778** എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്ത സർട്ടിഫിക്കറ്റ് പരിശീലനസമയത്ത് ഹാജരാക്കേണ്ടതാണ്.